# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 903 — 13.06.2012-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനായി കഴിഞ്ഞ വർഷം എത്ര രൂപയാണ് ചെലവഴിച്ചത്; | (എ) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനായി 2012 മേയ് 31 വരെയുള്ള കാലയളവിൽ 388872424/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതികൊണ്ട് വിനോദസഞ്ചാരമേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനായി മാറ്റുക എന്നതാണ് ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഉദ്ദേശം. കൂടുതൽ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനുതകുന്ന ഒരു പുതിയ ടൂറിസം പ്രോഡക്ടായി ഷോപ്പിംഗ് ഫെസ്റ്റിവൽ വളർന്നു വരുന്നു. ഫെസ്റ്റിവൽ സമയത്ത് കേരളം സന്ദർശിച്ച ദേശീയ, അന്തർദ്ദേശീയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. കേരളത്തിന് പുറത്ത് നിന്നെത്തുന്ന വിനോദ സഞ്ചാരികൾക്ക് വില്പന നികുതി തിരികെ നൽകുന്ന പദ്ധതി |

കൂടുതൽ സഞ്ചാരികളെ ആകർഷിച്ചു വരുന്നു. കേരളത്തിന്റെ തനതായ ഉത്പന്നങ്ങളെ കണ്ടെത്തി അവയുടെ വികസനവും, വിപണനവും ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ കേരള സുവനീറുകൾക്ക് ഒരു പുതിയ വിപണി കണ്ടെത്തുന്നതിന് സാധിക്കും.

(സി) ഈ വർഷം ഏത് കാലയളവിലാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) 2012 ഡിസംബർ 1 മുതൽ 2013 ജനുവരി 15 വരെയുള്ള കാലയളവിൽ ഫെസ്റ്റിവൽ നടത്താൻ ഉദ്ദേശിക്കുന്നു.

(ഡി) ഇതിനായി എന്തൊക്കെ ക്രമീകരണങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ വർഷത്തെ ഷോപ്പിംഗ് ഫെസ്റ്റിവൽ ആകർഷകമായി നടത്തുന്നതിനായി പ്രവൃത്തി അടിസ്ഥാനത്തിൽ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നടപടി ആരംഭിച്ചു. കേരളത്തിലെ കുറഞ്ഞത് പതിനായിരത്തോളം വ്യാപാര സ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിനും 101 കിലോ സ്വർണ്ണം സമ്മാനമായി വിതരണം ചെയ്യുന്നതിനും കുറഞ്ഞത് എഴുപത് ലക്ഷത്തോളം കൂപ്പണുകൾ വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ കേരളീയ ഉല്പന്നങ്ങളുടെ വിപണനത്തിന് മുൻഗണന നൽകി അന്തർദ്ദേശീയ നിലവാരത്തിലുള്ള 15

ദിവസം നീണ്ടു നിൽക്കുന്ന കേന്ദ്രീകൃത ഷോപ്പിംഗ് ഫെസ്റ്റിവൽ കേരളത്തിൽ സംഘടിപ്പിക്കുന്ന-തിനും ഉദ്ദേശിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ ഉപഭോക്താക്കളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് ഫെസ്റ്റിവലിൽ പങ്കാളികളാകുന്ന ഗോൾഡ് പാർട്ണേഴ്സ് അന്യസംസ്ഥാനങ്ങ-ളിൽ പരസ്യത്തിനുപയോഗിക്കുന്ന ചെലവിന്റെ ഒരു ഭാഗം നിബന്ധന-കൾക്ക് വിധേയമായി തിരികെ നൽകുന്ന സ്കീമും പരിഗണിച്ചു വരുന്നു. അന്യ സംസ്ഥാനത്ത് നിന്ന് കേരളത്തിലെത്തി ഷോപ്പിംഗ് നടത്തുന്നവർക്ക് അവർ വാങ്ങുന്ന ഉൽപന്നത്തിന്റെ വിൽപ്പന നികുതി നിബന്ധനകൾക്ക് വിധേയമായി തിരികെ നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ